**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5039** **14-03-2023 - ൽ മറുപടിയ്ക്ക്**

**വള്ളിയൂർകാവ് ഭഗവതി ക്ഷേത്രത്തിൽ ടൂറിസം വകുപ്പ് നടപ്പാക്കിയ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | മാനന്തവാടി വള്ളിയൂർകാവ് ഭഗവതി ക്ഷേത്രത്തിൽ ടൂറിസം വകുപ്പ് നടപ്പാക്കിയ ചന്തയുടെ പ്രവർത്തനം സംബന്ധിച്ച് വകുപ്പ് എടുത്ത തീരുമാനങ്ങൾ വ്യക്തമാക്കാമോ; | (എ) | മാനന്തവാടി വള്ളിയൂർക്കാവ് ക്ഷേത്രത്തിൽ തലശ്ശേരി ഹെറിറ്റേജ് ടൂറിസത്തിന്റെ ഭാഗമായി വള്ളിയൂർക്കാവ് ഭഗവതി ക്ഷേത്രത്തിൽ ആഴ്ച്ചചന്ത നിർമ്മാണം നടപ്പിലാക്കുകയുണ്ടായി . ആഴ്ച്ചചന്തയുടെ ഉടമസ്ഥാവകാശം പൂർണ്ണമായും ക്ഷേത്രത്തിൽ നിലനിർത്തിക്കൊണ്ടാണ് പദ്ധതി നടപ്പിലാക്കുന്നതിന് മലബാർ ദേവസ്വം ബോർഡ് അനുമതി നൽകിയത് . പദ്ധതി പൂർത്തീകരിച്ച് ടൂറിസം വകുപ്പ് വള്ളിയൂർക്കാവ് ദേവസ്വത്തിന് ഔദ്യോഗികമായി കൈമാറിയെങ്കിലും ടി ആഴ്ച്ചചന്ത പ്രവർത്തന സജ്ജമാക്കുന്നതിന്റെ ഭാഗമായി കെട്ടിടനമ്പർ ലഭിക്കുന്നതിന് ടാക്സ് ഇനത്തിൽ വലിയ ഒരു തുക അടക്കേണ്ടതായിട്ടുണ്ട് . സാമ്പത്തിക പരിമിതി മൂലം വള്ളിയൂർക്കാവ് ക്ഷേത്രാധികാരികൾക്ക് പ്രസ്തുത ടാക്സ് അടക്കുവാൻ സാധിച്ചിട്ടില്ല . തുടർന്ന് ബഹു. മാനന്തവാടി എം.എൽ.എ യുടെ അദ്ധ്യക്ഷതയിൽ ടൂറിസം വകുപ്പ് ഉദ്യോഗസ്ഥർ, ഡിടിപിസി ഉദ്യോഗസ്ഥർ, ക്ഷേത്രം പ്രതിനിധികൾ എന്നിവരുടെ യോഗം ചേരുകയും ടി പദ്ധതി ഉടമസ്ഥാവകാശം ദേവസ്വത്തിൽ നിലനിർത്തി പദ്ധതി നടത്തുന്നതിന് സമ്മതമാണെന്ന് ഡിറ്റിപിസി അധികൃതർ അറിയിക്കുകയും ചെയ്തിട്ടുണ്ട്. ഈ നിർദ്ദേശത്തോട് ദേവസ്വം അധികാരികൾ യോജിക്കാത്ത സാഹചര്യത്തിൽ പദ്ധതിയുടെ തുടർ പരിപാലനത്തിനും നടത്തിപ്പിനും ഡിറ്റിപിസി സന്നദ്ധരായിട്ടുണ്ട് . |
| (ബി) | ഇത് സംബന്ധിച്ച നടപടിക്രമങ്ങൾക്ക് വേഗത കൂട്ടുന്നതിനുള്ള ഇടപെടൽ നടത്തുമോ; വിശദമാക്കുമോ? | (ബി) | (എ) പിരിവിന്റെ അതേ ഉത്തരം |

സെക്ഷൻ ഓഫീസർ